➪ *ഭീമമായ തോതിലുള്ള തൊഴിൽ ധ്വംസനത്തിന് ഈ വികസനം കാരണമായിത്തീരുന്നു* ➪

# ഇത് തൊഴിൽ ദായകമല്ല, തൊഴിൽ ധ്വംസന വികസനം

പുത്തൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ, ഇത്, വിചാരിച്ചതുപോലെയുള്ള തൊഴിൽ വർദ്ധനവ് ഉണ്ടാക്കുന്നില്ല. കൃത്രിമബുദ്ധിയുടെയും ആട്ടോമേഷന്റെയും ദിനംപ്രതിയുള്ള വളർച്ച മനുഷ്യാദ്ധ്വാനത്തെ അധികപ്പറ്റാക്കിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാരുടെ പ്രകൃത്യാധിഷ്ടിത ജീവിതത്തെയും ഉപജീവനത്തെയും അത് താറുമാറാക്കുന്നു.

**മാധവ് ഗാഡ്ഗിൽ**

**(കഴിഞ്ഞലക്കം തുടർച്ച)**

2016 മെയ് 3ന് തിരുവനന്തപുരത്ത് വച്ച് നടന്ന ഫാ. തോമസ് കോച്ചേരി അനുസ്മരണ പ്രഭാഷണത്തിൽ സംസാരിക്കുന്നതിനായി തയ്യാറാക്കിയത്.
പരിഭാഷ: അജിതൻ

നിലവിൽ ലഭ്യമായ എല്ലാ തെളിവുകളും ചൂണ്ടിക്കാണിക്കുന്നത് ഈ സാമ്പത്തിക വികസനം ശരിക്കും 'തൊഴിൽ രഹിതവികസന'മാണെന്നാണ്. യഥാർത്ഥത്തിൽ, തൊഴിൽരഹിത വികസനമെന്നതിലുപരി അത് തൊഴിൽ ധ്വംസന വികസനമാണ്. മുമ്പ് സൂചിപ്പിച്ച, വസിഷ്ടി നദീതിരത്തെ മീൻപിടുത്തക്കാരുടെ കാര്യത്തിൽ സംഭവിച്ചതുപോലെ ഭീമമായ തോതിലുള്ള തൊഴിൽ ധ്വംസനത്തിന് ഈ വികസനം കാരണമായിത്തീരുന്നു എന്നത് വ്യാജപ്രചരണങ്ങൾക്കിടയിൽ ഒരിക്കലും രേഖപ്പെടുത്താതെ പോകുന്നു. ജിഡിപി മൂന്ന് ശതമാനത്തിൽ നിന്നും എട്ട് ശതമാനമായപ്പോൾത്തന്നെ തൊഴിൽ വളർച്ചാനിരക്ക് സംഘടിതമേഖയിൽപോലും രണ്ട് ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറഞ്ഞു എന്നതാണ് സത്യം. ലോകത്തിൽ ഏറ്റവും വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്ന് പറയുമ്പോഴൊക്കെ ഉയർത്തിക്കാട്ടുന്ന കാര്യമാണല്ലോ, സംഘടിതമേഖലയിലെ തൊഴിൽ വളർച്ച. അമിത് ബാദുരി എന്ന സാമ്പത്തികശാസ്ത്രജ്ഞൻ സൂക്ഷ്മമായി നിരീക്ഷിക്കുന്നതുപോലെ, ഈ മേഖലയിലുണ്ടായിട്ടുള്ള പുതിയ തൊഴിലവസങ്ങളേക്കാൾ എത്രയോ അധികമാണ് പ്രകൃതിവിഭവങ്ങളായ വെള്ളത്തിനും ഭൂമിക്കും വേണ്ടി തൊഴിൽരഹിതരാക്കപ്പെട്ട ജനങ്ങൾ. 'ഒറ്റക്കണ്ണുള്ള രാജാക്കന്മാരെ'ക്കുറിച്ചാണ് റിസർവ്വ് ബാങ്ക് ഗവർണ്ണർപോലും സംസാരിക്കുന്നത്.

പുത്തൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ, ഇത്, വിചാരിച്ചതുപോലെയുള്ള തൊഴിൽ വർദ്ധനവ് ഉണ്ടാക്കുന്നില്ല. കൃത്രിമബുദ്ധിയുടെയും ആട്ടോമേഷന്റെയും ദിനംപ്രതിയുള്ള വളർച്ച മനുഷ്യാദ്ധ്വാനത്തെ അധികപ്പറ്റാക്കിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാരുടെ പ്രകൃത്യാധിഷ്ടിത ജീവിതത്തെയും ഉപജീവനത്തെയും അത് താറുമാറാക്കുന്നു. പുത്തൻ സാങ്കേതികവിദ്യ, മൂലധനകേന്ദ്രീകൃതമായ സാമ്പത്തിക പുരോഗതിയെ ലക്ഷ്യമിടുന്നതിനു പകരം അസംഘടിതമേഖലയിലെ പ്രകൃതിവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിൽദായക രംഗത്തെയാണ് ലക്ഷ്യമിടേണ്ടത്. വനാവകാശ നിയമം, പഞ്ചായത്തീരാജ്, ജൈവവൈവിധ്യനിയമം, 73, 74 ഭരണഘടനാഭേദഗതികൾ എന്നിവകളിലൂടെ നമ്മുടെ ജനാധിപത്യം ഇത്ത

രമൊരു ഉഭയബന്ധത്തെ സാധ്യമാക്കുന്നുണ്ട്. ഈ ഭരണഘടനാ ചട്ടക്കൂടിനെ ഉപയോഗപ്പെടുത്തി ജനങ്ങളെയും പ്രകൃതിയെയും ഒരുമിച്ചുനിർത്തി യഥാർത്ഥ വികസന പാതയിലൂടെ മുന്നേറേണ്ടതായുണ്ട്. ജനകീയ പ്രവർത്തനങ്ങളിലൂടെ വികസനം സുസാധ്യമാക്കുന്ന ശരിയായ പാതയിലേക്ക്.

> ഞങ്ങളുടെ റിപ്പോർട്ട് പറയുന്നത് ഇങ്ങനെയാണ്, തദ്ദേശീയ ജനതയെ ഒഴിവാക്കിക്കൊണ്ടുള്ള പരിരക്ഷയും വികസനവും കൈകോർത്തുനിൽക്കുന്ന കാഴ്ചയാണ് പശ്ചിമഘട്ടത്തിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ 73, 74 ഭേദഗതികൾ മുഖേന വികസനത്തെ സംബന്ധിച്ച തീരുമാനങ്ങളെടുക്കുവാനുള്ള അധികാരങ്ങൾ നൽകിയിട്ടും എല്ലാം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്.

കേന്ദ്രത്തിൽ ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നപ്പോൾ പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ട് മുന്നോട്ടുവച്ച അജണ്ടകൾ അവർ ഏറ്റെടുക്കുമെന്നാണ് ഞാൻ കരുതിയിരുന്നത്. കേരളത്തിൽ ബി.ജെ.പി. അതിനെ സർവ്വാത്മനാ പിന്തുണച്ചിരുന്നല്ലോ? ജനകീയ സംരംഭമായി പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ടിനെ പരിഗണിക്കേണ്ടത് എങ്ങനെയെന്ന് പരിസ്ഥിതി മന്ത്രി പ്രകാശ് ജാവേദ്ക്കറിനും അന്നത്തെ ഗോവാ മുഖ്യമന്ത്രി മനോഹർ പരീക്കറിനും ഞാൻ വിശദീകരിച്ചുകൊടുക്കുകയുണ്ടായി. ഞങ്ങളുടെ റിപ്പോർട്ട് പറയുന്നത് ഇങ്ങനെയാണ്, തദ്ദേശീയ ജനതയെ ഒഴിവാക്കിക്കൊണ്ടുള്ള പരിരക്ഷയും വികസനവും കൈകോർത്തുനിൽക്കുന്ന കാഴ്ചയാണ് പശ്ചിമഘട്ടത്തിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ 73, 74 ഭേദഗതികൾ മുഖേന വികസനത്തെ സംബന്ധിച്ച തീരുമാനങ്ങളെടുക്കുവാനുള്ള അധികാരങ്ങൾ നൽകിയിട്ടും എല്ലാം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. ഉദാഹരണത്തിന്, സംസ്ഥാന സർക്കാർ അവഗണിച്ച പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റിയുള്ള പ്രമേയങ്ങൾ രത്നഗിരി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് സമിതികളും പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾ പിന്തുടരുന്ന, 'മുരടൻ വികസനം- അശ്രദ്ധമായ പരിരക്ഷ' എന്നതുമാറ്റി 'സുസ്ഥിര വികസനം – സുശ്രദ്ധ പരിരക്ഷ' എന്ന ലക്ഷ്യത്തോടെ പശ്ചിമഘട്ടത്തിന്റെ സമഗ്രവികസനത്തിനുള്ള നയങ്ങൾ പശ്ചിമഘട്ട വിദഗ്ധ സമിതി മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇത് തദ്ദേശസമൂഹത്തിന്റെ പിന്തുണയോടെയല്ലാതെ പ്രാവർത്തികമാവില്ല.

പരിസ്ഥിതിലോല പ്രദേശങ്ങളുടെ നിർണ്ണയത്തിനും നിർവ്വഹണത്തിനും സർക്കാർ ഏജൻസികളെ ആശ്രയിക്കുന്നതുകൊണ്ട് കാര്യമില്ലെന്നാണ് പശ്ചിമഘട്ട വിദഗ്ധ സമിതി കരുതുന്നത്. പകരം, ചെറുതണ്ണീർത്തടങ്ങളെയും ഗ്രാമാതിർത്തികളെയും കണക്കിലെടുത്തുകൊണ്ട് തദ്ദേശീയ സമൂഹങ്ങളുടെ പിന്തുണയോടെ പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണ്ണയിക്കണമെന്നാണ് പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ട് നിർദ്ദേശിക്കുന്നത്. യുനെസ്കോ പൈതൃക ഭൂമിയുടെ കാര്യത്തിലെന്നപോലെ സംരക്ഷിത മേഖലയ്ക്ക് ചുറ്റുമുള്ള സ്ഥലത്തിന്റെ കാര്യത്തിലും അന്തിമമായ അളന്നുതിട്ടപ്പെടുത്തൽ ഗ്രാമസഭ, വാർഡുസഭ എന്നിവയുടെ സഹകരണത്തോടെയാകണം.

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ മൂന്നു മേഖലകളിലും (സോൺ 1,2,3) തദ്ദേശീയ പാരിസ്ഥിതിക സാമൂഹ്യസംഗതികൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് പശ്ചിമഘട്ട വിദഗ്ധ സമിതി വിഭാവനം ചെയ്യുന്നത്. ഗ്രാമസഭകളുടെ പ്രാതിനിധ്യത്തെക്കുറിച്ച് എടുത്തുപറയുമ്പോൾ തന്നെ, ഉദ്യോഗസ്ഥരും പ്രഗത്ഭരുമായി നടത്തിയ ചർച്ചകൾക്കുശേഷം ചില ഗൈഡ്ലൈൻസ് ഞങ്ങൾ തയ്യാറാക്കിയിട്ടുമുണ്ട്. ഗോവ മേഖലാ പ്ലാൻ 2021 എന്ന പദ്ധതി ഞങ്ങൾ മാതൃകയായി സ്വീകരിച്ച ഒന്നായിരുന്നു. ഗോവ സംസ്ഥാനത്തിലെ വെള്ളം, ഭൂമി, മറ്റ് പ്രകൃതിസ്രോതസ്സുകൾ എന്നിവയെക്കുറിച്ചുള്ള ഡാറ്റാബേസ് ആയിരുന്നു ഗോവ മേഖലാ പ്ലാൻ 2021. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഈ വിവരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമസഭകളുമായി പങ്കുവയ്ക്കുകയും ഭൂമി ഉപയോഗത്തെക്കുറിച്ചുള്ള അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതിക്ക് അന്തിമരൂപം നൽകാൻ ഇത്തരം നിർദ്ദേശങ്ങളുടെ ക്രോഡീകരണം സഹായിക്കുകയും ചെയ്തു. ഖേദകരമെന്നു പറയട്ടെ, ഗ്രാമസഭാ നിർദ്ദേശങ്ങളിൽനിന്നും വ്യതിചലിക്കേണ്ട

⇨ ഖനന പ്രവർത്തനങ്ങൾ ഇവിടുത്തെ ജനസ്രോതസ്സുകളെയും കൃഷിയെയും മാരകമായി ബാധിച്ചിട്ടുണ്ട് ⇨



അവസ്ഥ വന്നപ്പോൾ ഗോവ സർക്കാർ ഈ പദ്ധതി ഇടയ്ക്കുവച്ച് നിർത്തുകയാണുണ്ടായത്.

**ഗോവയിലെ ഖനനം**

എല്ലാതരത്തിലുള്ള ഖനന പ്രവൃത്തികളെയും നിരോധിക്കുന്നതിനോട് പശ്ചിമഘട്ട വിദഗ്ധ സമിതി യോജിക്കുന്നില്ലെന്ന് പരിസ്ഥിതി മന്ത്രിയോടും ഗോവ മുഖ്യമന്ത്രിയോടും ഞാൻ വ്യക്തമാക്കിയിരുന്നു. തദ്ദേശസമൂഹത്തിന്റെ അഭിപ്രായമറിഞ്ഞശേഷം, ഖനനത്തിന്റെ ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമായിരിക്കണം തീരുമാനമെടുക്കേണ്ടത് എന്നാണ് ഞങ്ങൾ റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞത്. പ്രത്യേകിച്ചും സാമൂഹ്യവും സാമ്പത്തികവുമായി പിന്നിൽ നിൽക്കുന്ന വിഭാഗങ്ങളുടെ അവസ്ഥ പരിഗണിക്കുക. തദ്ദേശീയ ജനതയുടെ പിന്തുണയോടെ, തദ്ദേശ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഇപ്പോൾ മുരടിച്ചുകിടക്കുന്ന ഖനനമേഖലയെ പുനരുദ്ധരിക്കാൻ കഴിയും. വനവിഭവങ്ങൾക്ക് മേൽ ഗോത്രവിഭാഗങ്ങൾക്കുള്ള  അവകാശം ഉറപ്പുവരുത്തുന്ന 2006ലെ വനാവകാശനിയമം ഇക്കാര്യത്തിൽ വളരെ പ്രസക്തമാണ്. ഗോത്രസമുദായങ്ങൾക്ക് ഇത്തരം സാമൂഹ്യവനവിഭവങ്ങളുടെ പരിപാലനത്തിലൂടെ എങ്ങനെ പുരോഗതി കൈവരിക്കാം എന്നതിന്റെ ഉത്തമോദാഹരണമാണ് മഹാരാഷ്ട്രയിലെ ഗഡ്ചിറോളി ജില്ലയിലേത്. സാമൂഹിക വനവിഭവങ്ങളുടെ സംരക്ഷണവും കരുതലോടെയുള്ള ഉപയോഗവും അവരുടെ അവകാശമായിത്തീർന്നതോടെ ഉപജീവനത്തിനായി കൂടുതൽ ശ്രദ്ധയോടെ ജനങ്ങൾ അവിടെയുള്ള വനം സംരക്ഷിക്കുന്നുണ്ട്. ഗോവയിലെ കെപം താലൂക്കിലെ കോറെം വില്ലേജ് പോലെയുള്ള സ്ഥലങ്ങൾ വനാവകാശ നിയമം തീർച്ചയായും നടപ്പിലാക്കേണ്ട സ്ഥലങ്ങളാണ്. അനിയന്ത്രിത ഖനന പ്രവർത്തനങ്ങൾ ഇവിടുത്തെ ജലസ്രോതസ്സുകളെയും കൃഷിയെയും മാരകമായി ബാധിച്ചിട്ടുണ്ട്. നിരവധി സാമൂഹ്യപ്രശ്നങ്ങൾക്കും സംഘർഷങ്ങൾക്കും വരെ ഇതു വഴിവയ്ക്കുന്നുണ്ട്. തത്കാലം എല്ലാ നിയമവിരുദ്ധ ഖനികളും അടച്ചിട്ടിരിക്കുകയാണ്. ഇനി ഇവ തുറന്നുപ്രവർത്തിക്കണമെങ്കിൽ ഒരു സഹകരണസംഘം വഴി മാത്രം മതിയെന്ന് കോറെം ഗ്രാമസഭ ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുകയാണ്. സ്വകാര്യമേഖലയ്ക്കും സർക്കാരിനുമുള്ളതുപോലെ സഹകരണ മേഖലയ്ക്കും ഈ പ്രശ്നങ്ങളിൽ ഒരു പങ്കുണ്ട്. അതേസമ

യം സഹകരണമേഖലയിലെ വിജയത്തിന് 'അമുൽ' പോലുള്ള ഉദാഹരണങ്ങളുണ്ട്. ഗ്രാമസഭയുടെ തീരുമാനത്തെ മാനിച്ചുകൊണ്ട് സഹകരണസംഘങ്ങളെ ഖനികളുടെ ഭരണമേൽപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഗോവ സർക്കാർ തുടക്കം കുറിക്കേണ്ടതാണ്. എന്നാൽ എന്തായിരുന്നു സർക്കാരിന്റെ പ്രതികരണം? സാമൂഹ്യനിരീക്ഷകൻ രാമചന്ദ്രഗുഹ ഹിന്ദുസ്ഥാൻ ടൈംസിൽ (24.04.10) എഴുതിയ ലേഖനത്തിലെ ചില വരികൾ ഉദ്ധരിക്കട്ടെ:

"പിന്നീട് ഞാൻ സംസ്ഥാനത്തിന്റെ തെക്കുകിഴക്കു ഭാഗത്ത് കിടക്കുന്ന വയലുകളാലും വനങ്ങളാലും ചുറ്റപ്പെട്ട കോറെം ഗ്രാമത്തിലേക്കു പോയി. രവീന്ദ്ര വെലിപ് എന്ന യുവ ഗോത്രപ്രവർത്തകൻ അവിടെയുണ്ട്. നിയമവിരുദ്ധ ഖനനത്തിനെതിരെയുള്ള സമരങ്ങളുടെ മുന്നണി പ്രവർത്തകനാണയാൾ. കഴിഞ്ഞമാസം അയാളെ അറസ്റ്റു ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽവിട്ടു. അടുത്തദിവസം, ജയിലിൽ അയാളുടെ സുരക്ഷയ്ക്കായി ചുമതലപ്പെടുത്തിയിരിക്കുന്നവരുടെ അറിവോടെ കണ്ണുകെട്ടി, ചങ്ങലയ്ക്കിട്ട്, തല്ലി പതംവരുത്തി. കൂട്ടുതടവുകാരൻ നിലവിളി കേട്ട് ഓടിയെത്തിയില്ലായിരുന്നുവെങ്കിൽ അയാൾ മരിച്ചുപോകുമായിരുന്നു. ഈ കൊലപാതക ശ്രമത്തെക്കുറിച്ച് എഫ്.ഐ.ആർ തയ്യാറാക്കാൻ പോലും പോലീസ് വിസമ്മതിച്ചു. കൈ പ്ലാസ്റ്ററിട്ട രവീന്ദ്രയെ മറ്റു ഗ്രാമീണരോടൊപ്പം ഞാൻ കോറെമിൽ വച്ച് കണ്ടു. ഖനനം അത്യാവശ്യമാണെങ്കിൽ അത് സഹകരണസംഘങ്ങളെ ഏൽപ്പിച്ച് നടത്തണമെന്നാണ് അവർ അന്ന് പറഞ്ഞത്. അപ്പോൾ പരമാവധി പ്രകൃതിയ്ക്ക് ദോഷം വരാത്തരീതിയിൽ ശ്രദ്ധയോടെ സമൂഹത്തെ സംരക്ഷിക്കുമല്ലോ? മിക്ക ഇന്ത്യൻ- വിദേശി വിനോദസഞ്ചാരികൾക്കറിയില്ലെങ്കിലും ഗോവയിൽ എന്തൊക്കെയോ ചീഞ്ഞുനാറുന്നുണ്ട്. ഇതെല്ലാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നുന്ന ഗോവക്കാരെ സംബന്ധിച്ച് കാര്യങ്ങൾ അങ്ങനെയല്ലല്ലോ."

പ്രകൃതിസ്രോതസ്സുകളോടും മനുഷ്യാധ്വാനത്തോടും ചൂഷണാധിഷ്ടിത സ്വഭാവം പുലർത്തുന്ന സംഘടിത വ്യവസായ-സേവനമേഖലയെ സ്വതന്ത്ര ഇന്ത്യ പരിപോഷിപ്പിച്ചെടുത്തതിന്റെ പരിണിതഫലങ്ങളാണ് ഈ അവസ്ഥകൾ. ഗാന്ധിയൻ സമ്പദ്ശാസ്ത്രജ്ഞനായ ജെ.സി. കുമരപ്പ ഇതിന് 'ഹിംസയുടെ സമ്പദ്‌വ്യവസ്ഥ' എന്നാണ് പേരിട്ടിരിക്കുന്നത്. പാശ്ചാത്യമൂലധനശക്തികൾ വിഭാവനം ചെയ്ത, പ്രകൃതിസ്രോതസ്സുകളെ ദുർവ്യയം ചെയ്യുംവിധമുള്ള ഒരു മൂലധന കേന്ദ്രീകൃത വ്യവസ്ഥയെ എടുത്തുകാട്ടിയാണ് അദ്ദേഹം ഇതു പറയുന്നത്. പാശ്ചാത്യ മൂലധനശക്തികൾക്ക് തങ്ങളുടെ കീഴിലുള്ള കോളനി രാജ്യങ്ങളിൽനിന്നും ധാരാളം ധനം ചോർത്തിയെടുക്കാനിടയുണ്ടല്ലോ-തദ്ദേശീയരെ ഓടിച്ചുവിട്ട്, പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്ത് അമേരിക്ക സൃഷ്ടിച്ചെടുത്തതുപോലെ. ഇന്ത്യയ്ക്ക് അത്തരത്തിലുള്ള മേൽക്കൈയ്യൊന്നും മൂലധനത്തോടോ പ്രകൃതിവിഭവങ്ങളോടോ ഇല്ല. എന്നാൽ മനുഷ്യവിഭവമാക്കുന്ന ദശലക്ഷങ്ങളോട് നീതിപുലർത്തേണ്ടതായുമുണ്ട്. അതുകൊണ്ട് ഹിംസാത്മകമായ പാശ്ചാത്യ വികസനക്രമത്തിനുപകരം നൂതനമായ ഒരു ഇന്ത്യൻ മാതൃകയ്ക്കുവേണ്ടി കുമരപ്പ വാദിച്ചു.

1971ലെ തെരഞ്ഞെടുപ്പിൽ 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം ഇന്ദിരാഗാന്ധി മുന്നോട്ടുവച്ചു. പാരിസ്ഥിതിക അഭയാർത്ഥികൾക്കും ഇക്കോവ്യൂഹ ജനങ്ങൾക്കും നീതി ലഭ്യമാക്കുന്നതിന് അനുഗുണമായ ഒരു മുദ്രാവാക്യമാണിത്. ഇപ്പോഴും പട്ടിണി മാറ്റുന്നതിൽ നാം പരാജയപ്പെട്ടുവെന്നാണ് എല്ലാ പഠനങ്ങളും തെളിവുകളും ചൂണ്ടിക്കാണിക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവുള്ള ജനങ്ങൾ ഇന്ന് ഇന്ത്യയിലാണ്. എന്നാൽ, 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം 'ജിഡിപി ബഢാവോ' എന്നായി മാറിയിരിക്കുന്നു.

ജിഡിപി വളർച്ച ക്രമേണ കിനിഞ്ഞിറങ്ങുമെന്നും, അങ്ങനെ ജനങ്ങൾ പുരോഗമിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണവും സാമൂഹ്യനീതിയും അവർ സ്വമേധയാ ഉറപ്പാക്കുമെന്നുമുള്ള ഒരു ധാരണ ഇവിടെ വസ്തുതകൾക്ക് വിരുദ്ധമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഭരണഘടനാ പ്രകാരമുള്ള സാമൂഹ്യനീതിയെ വളച്ചൊടിച്ചായാലും പ്രകൃതി സംരക്ഷണത്തിനുള്ള നിയമങ്ങൾ ലംഘിച്ചായാലും ഏകമനസ്സാലെ സാമ്പത്തിക വികസനം മാത്രം ലക്ഷ്യമാക്കി നീങ്ങണമെന്ന വാദവും പ്രബലമാണ്. എന്നാൽ സമ്പുഷ്ടമായ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ കിനിഞ്ഞിറങ്ങുന്നതിന്റെ തെളിവുകളല്ല നാം കണ്ടുകൊണ്ടിരിക്കുന്നത്. പകരം, ദുർബല വിഭാഗങ്ങളുടെ നിലനിൽപ്പിനായുള്ള വിഭവങ്ങൾ നിരന്തരം ചൂഷണം ചെയ്യുകയും അവരെ കൂടുതൽ നിസ്വരാക്കുകയും ചെയ്യുന്ന വളർച്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ■